രോഗങ്ങൾ പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള സമയത്ത് സൂപ്പർ ക്ലോറിനേഷൻ നടത്തി വിതരണശൃംഖലയിലെ ജലം പൂർണ്ണമായി രോഗാണു വിമുക്തമാക്കാറുണ്ട്. വിതരണം ചെയ്യുന്നതിന് ഉത്തരവാദിത്തപ്പെട്ട ഡിവിഷനുകളിലെ ഉദ്യോഗസ്ഥർ ഗുണനിലവാരം പരിശോധിക്കുന്നത് കൂടാതെ ആലുവ, തിരുവനന്തപുരം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലെ ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളും പ്രത്യേക പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. മലിനജലം ഒഴുകുന്ന ഓടകളുടെ സമീപത്തുകൂടി സ്ഥാപിക്കേണ്ടിവരുന്ന പൈപ്പു ലൈനുകൾക്ക് കേടുപാടുകൾ ഉണ്ടാകാതിരിക്കാൻ കേസിംഗ് പൈപ്പുകൾ ഇടാറുണ്ട്.

(സി) റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**കാലപ്പഴക്കം ചെന്ന ശുദ്ധജലവിതരണ പദ്ധതികളുടെ നവീകരണം**

**51 (4659)** ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതികൾ കാലപ്പഴക്കംകൊണ്ട് നവീകരിക്കേണ്ടതു സംബന്ധിച്ച് വിദഗ്ദ്ധ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾക്കാണ് ഇത്തരത്തിൽ നവീകരണം അത്യാവശ്യമായി വന്നിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതികളുടെ നവീകരണത്തിന് എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഈ പദ്ധതികൾ അടിയന്തരമായി നവീകരിക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ശുദ്ധജലവിതരണ പദ്ധതികൾ കാലപ്പഴക്കം കൊണ്ട് നവീകരിക്കേണ്ടതായി വന്നിട്ടില്ല.

(ബി) ഇത്തരം സാഹചര്യം ഉണ്ടായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly